(ബി) ഇല്ലെങ്കിൽ നിർമ്മാണം പൂർത്തിയാക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വടക്കേക്കര സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. സബ് സ്റ്റേഷന്റെ നിർമ്മാണം ടേൺ കീ വ്യവസ്ഥയിൽ ടെൽക്, തത്ത മാലിക് 10-8-2000-ൽ നൽകിയിരുന്നു. എന്നാൽ കമ്പനിയുടെ തന്നെ സാങ്കേതിക പ്രശ്നങ്ങളാൽ പണി നിർത്തിവച്ചതിനെത്തുടർന്ന് കമ്പനിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പണി പുനരാരംഭിക്കുകയും എൺപത്തഞ്ച് ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2003 നവംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇടുക്കി ജലസംഭരണികളിലെ ക്ഷേത്ര നിർമ്മാണം

41 (931) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സാജു പോൾ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജലസംഭരണി പ്രദേശത്ത് ക്ഷേത്രം പണിയുമായി ബന്ധപ്പെട്ട കേസിൽ നിലവിലുള്ള സ്ഥിതി തുടരണമെന്ന ഹൈക്കോടതി ഉത്തരവ് ലംഘിച്ച് വിശ്വഹിന്ദു പരിഷത്ത് പഞ്ചലോഹ വിഗ്രഹം പ്രതിഷ്ഠിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച കേസിൽ വൈദ്യുതി ബോർഡ് വക്കീലും അഡ്വക്കേറ്റ് ജനറലും പരസ്പര വിരുദ്ധമായി കോടതിയിൽ വാദിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇപ്രകാരമുള്ള ഹൈക്കോടതി വിധി ലംഘിച്ച് വിശ്വഹിന്ദു പരിഷത്ത് അനുഭാവികൾ പണി തുടർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ബോർഡിന്റെ വക്കീലും അഡ്വക്കേറ്റ് ജനറലും തങ്ങളുടെ വാദഗതികൾ ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവിധ സ്രോതസ്സുകൾ വഴിയുള്ള ഊർജ്ജ ലഭ്യത

42 (932) ശ്രീ. എം. വി ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly